# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3157 — 14.03.2018 - ൽ മറുപടിക്ക്

**സ്റ്റാഫ് നേഴ്സ്, ബി.എസ്.സി. നേഴ്സ് എന്നിവരുടെ ഒഴിവ് നികത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നേഴ്സ്, ബി.എസ്.സി. നേഴ്സ് എന്നിവരുടെ ഒഴിവ് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1285 സ്റ്റാഫ് നഴ്സുമാർക്ക് വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിയമനം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് തസ്തികയുടെ ഒഴിവ് നികത്തുന്നതിനുള്ള നിർദ്ദേശം അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | കണ്ണൂർ ജില്ലയിലെ സ്റ്റാഫ് നേഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 454/2016) നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | ബി) & സി) | പി.എസ്.സി-യിൽ ചുരുക്കപ്പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ കൂടി പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും പുതിയ ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനും നടപടികൾ ത്വരിതപ്പെടുത്തുവാൻ അടിയന്തര നിർദ്ദേശം നൽകുമോ? | | |

Milan

സെക്ഷൻ ഓഫീസർ